# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - 1

ജി റ്റി എൽ പി. എസ്
വില്ലുമല

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## ക്ലാസ് - 1

ജി റ്റി എൽ പി. എസ്
വില്ലുമല

ഉള്ളടക്കം


- ആമുഖം
- പ്രവർത്തനകലണ്ടർ
- സ്വയമറിയാം അറിയിക്കാം
- പാഠങ്ങൾ
- വായനക്കളരി-ലേഖനക്കളരി
- സംയുക്തഡയറി
- രചനോത്സവം
- വായനോത്സവം
- കലണ്ടറിനൊപ്പം

# ആമുഖം.

ആദിവാസി മേഖലയായ വില്ലുമലയിലെ ഏക പ്രൈമറി വിദ്യാലയമാണ് ജി.ടി.എൽ.പി.എസ് വില്ലുമല. പ്രീപ്രൈമറി അനുഭവങ്ങളില്ലാത്ത 9 കുട്ടികളാണ് 2025-26 അധ്യയനവർഷം ഒന്നാം ക്ലാസിൽ പ്രവേശനം നേടിയത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും കൂലിപ്പണിക്കാരുമായ രക്ഷിതാക്കളുടെ കുട്ടികൾ. അതിലൊരാൾ മാനസികവെല്ലുവിളി നേരിടുന്ന കുട്ടിയാണ്. എല്ലാ കുട്ടികളുടെയും സർവതോന്മുഖമായ വികാസമാണ് ഈ മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നത്. ഫോൺ സൗകര്യം പോലുമില്ലാത്ത രക്ഷിതാക്കളിൽ നിന്നുള്ള പിന്തുണയുടെ അഭാവം വെല്ലുവിളിയാണ്. ലഭ്യമായ സാഹചര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി ഒന്നാംക്ലാസ് ഒന്നാന്തരമാക്കാനുള്ള ശ്രമം ഇവിടെ തുടങ്ങുന്നു...

ഭാഷയിൽ,

ലളിതമായ ബാലസാഹിത്യകൃതികൾ വായിക്കുക

ആശയങ്ങൾ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുക

– ഈ നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്.

## പ്രവർത്തന കലണ്ടർ

| പ്രവർത്തനം | കാലയളവ് |
|---|---|
| • സ്വയമറിയാം - അറിയിക്കാം.<br>• ഒന്നൊരുക്കം - സന്നദ്ധതാ പ്രവർത്തനങ്ങൾ | ജൂൺ |
| • പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| • വായനക്കളരി - ലേഖനക്കളരി | ജൂൺ - മാർച്ച് |
| • കലണ്ടറിനൊപ്പം | ജൂൺ - മാർച്ച് |
| • സംയുക്ത ഡയറിയെഴുത്ത് | ആഗസ്റ്റ് - മാർച്ച് |
| • രചനോത്സവം | ജനുവരി - മാർച്ച് |
| • വായനോത്സവം | ജനുവരി - മാർച്ച് |

| ഒന്നാം ടേം | |
|---|---|
| ജൂൺ | പാവ പാറി |
| ജൂലൈ | പൂവ് ചിരിച്ചു<br>മാനത്ത് പട്ടം |
| ആഗസ്റ്റ് | പിറന്നാൾ സമ്മാനം |
| **രണ്ടാം ടേം** | |
| സെപ്റ്റംബർ | മണ്ണിലും മരത്തിലും |
| ഒക്ടോബർ | പിന്നേം പിന്നേം<br>ചെറുതായി പാലപ്പം |
| നവംബർ | പെരുക്കങ്ങളെ പെരുക്കു<br>ആഹാ എന്ത് സ്വാദ് |
| ഡിസംബർ | വീട് കെട്ടണം ടിയാ ടിയാ<br>പച്ചക്കറി തോണി |
| **മൂന്നാം ടേം** | |
| ജനുവരി | പോം പോം വണ്ടി<br>തുമ്പി വിമാനങ്ങൾ |
| ഫെബ്രുവരി | ആരുടെ കുപ്പായം |
| മാർച്ച് | വായന പാഠങ്ങൾ |

സ്വയം പരിചയപ്പെടുത്തലും
മറ്റുള്ളവരെ പരിചയപ്പെടലും.

- കുട്ടി സ്വന്തം പേര് / അച്ഛന്റെ പേര് / അമ്മയുടെ പേര് പറഞ്ഞ് പരിചയപ്പെടുത്തുക.
- മറ്റുകുട്ടികൾ പറയുന്നത് ശ്രദ്ധയോടെ കേൾക്കുക
- നെയിം സ്ലിപ്പിൽ നോക്കി സ്വന്തം പേര് ഗ്രാഫിക് വായന
- നെയിം ചാർട്ടിൽ നിന്നും സ്വന്തം പേര്, കൂട്ടുകാരുടെ പേര് കണ്ടെത്തുക.

ഒന്നൊരുക്കം

- ആദ്യ പത്ത് ദിനങ്ങളിലെ സന്നദ്ധതാ പ്രവർത്തനങ്ങൾ
- പാട്ട്, കഥ, കളികൾ, നിർമാണം, പരീക്ഷണം.

പാട്ടരങ്ങ്

- ഒറ്റയ്ക്കും സംഘമായും നിർദ്ദിഷ്ട സന്ദർഭങ്ങളിലെ പാട്ടുകൾ പാടി അവതരിപ്പിക്കുക.
- വായ്ത്താരികൾ താളാത്മകമായി പാടുക
- കുട്ടിക്കവിതകൾ ഭാവാത്മകമായും ആംഗ്യത്തോടെയും അവതരിപ്പിക്കുക
- കവിതകൾ വരികൾ കൂട്ടിച്ചേർത്ത് ആശയത്തുടർച്ചയോടെ പാടുക

## സംയുക്ത ഡയറിയെഴുത്ത്

- മുതിർന്നവരുടെ സഹായത്തോടെ ഡയറി കുറിപ്പുകൾ രണ്ടോ മൂന്നോ വാക്യങ്ങളായി എഴുതുകയും ചിത്രം വരയ്ക്കുകയും ചെയ്യുന്നു
- ഡയറിയെഴുത്ത് പരിചിതമല്ലാത്ത രക്ഷിതാക്കൾക്കായി മുൻ വർഷങ്ങളിൽ കുട്ടികളെഴുതിയ ഡയറികളുടെ സമാഹാരമായ 'കിലുക്കാംപെട്ടി' കാണിച്ച് മാതൃകയായി നൽകുക
സംയുക്ത ഡയറിയെഴുത്ത് ഡെമോൺസ്ട്രേഷൻ ചെയ്യുക (ക്ലാസ് പി.ടി.എയിൽ)
- ടീച്ചറുടെ / മറ്റു കുട്ടികളുടെ ഡയറി വായിച്ചു കേൾക്കുക.
- ആശയങ്ങൾ വാക്യങ്ങളായും സർഗാത്മകമായും കുട്ടി എഴുതി അവതരിപ്പിക്കുക
- ഡയറിക്കുറിപ്പുകൾ പുസ്തകരൂപത്തിലാക്കി പി.ടി.എ യോഗത്തിൽ പ്രകാശനം

## വായനക്കളരി – ലേഖനക്കളരി

- വായന കാർഡുകൾ — അക്ഷരക്കാർഡ് പദക്കാർഡ്, വാക്യകാർഡ് എന്നിവയുടെ സഹായത്തോടെ അക്ഷരങ്ങൾ പരിചയപ്പെടുകയും ഉറപ്പിക്കുകയും ചെയ്യുക.
- സ്ലേറ്റെഴുത്ത്, ശിശുസൗഹൃദ ബോർഡ്, ഡിജിറ്റൽ ബോർഡ് എന്നിവയിലൂടെ ലേഖനം മെച്ചപ്പെടുത്തുക.

● പാഠവുമായി ബന്ധപ്പെട്ട് കുട്ടികളുടെ പങ്കാളിത്തത്തോടെ വായനാകാർഡ് നിർമിക്കുക. തുടർവായനയ്ക്ക് ഇത് ഉപയോഗപ്പെടുത്തുക.

രചനോത്സവം -

ചിത്രങ്ങൾക്ക് അടിക്കുറിപ്പുകൾ/കഥകൾക്ക് തലക്കെട്ട് രചന എന്നിവ ഒറ്റക്കും സംഘമായും നിർവഹിക്കുന്നു.

ചിത്രങ്ങൾ നോക്കി കഥ പറയുന്നു/എഴുതുന്നു.

കഥാബാക്കി ഭാവനാത്മകമായി രചിക്കുന്നു.

സംഭാഷണങ്ങൾ പൂർത്തിയാക്കുന്നു.

കഥാപാത്രങ്ങളുടെ ഡയറി എഴുതുന്നു.

കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കുന്നു.

വായനോത്സവം.

ലഘുബാലസാഹിത്യകൃതികൾ മുതിർന്നവരുടെ സഹായത്തോടെ വായിക്കുന്നു.

കഥകൾ വായിച്ചു കേട്ട് ആസ്വദിക്കുന്നു.

ബാലസാഹിത്യകൃതികൾ വായിക്കുന്നു

സ്കൂൾ അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു

കലണ്ടറിനൊപ്പം

● ജൂൺ മുതൽ കലണ്ടർ നോക്കി അധ്യാപിക ദിവസം, തീയതി എന്നിവ BBയിലെഴുതുന്നു

- കലണ്ടർ നോക്കി ദിവസം കണ്ടെത്താനും എഴുതാനും ശീലിക്കുന്നു.
- ഡയറിയെഴുത്തിൽ കലണ്ടർ നോട്ടവും ചേരുന്നു.
- ദിനാചരണങ്ങളോരോന്നിലും കലണ്ടർ നേ പ്രാധാന്യം കണ്ടെത്താൻ പഠിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2

## [illegible] ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ഉപകരണം | സാമൂഹിക വിശകലനം |
|---|---|---|---|---|
| പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ | * 1, 2, 3, 4 ...., 1, 3, 5, 7 ...., 10, 20, 30, 40 ...., 5, 10, 15, 20 ...., 2, 4, 6, 8 .... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ<br>* ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുൻപുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാകൽ | ജൂൺ | | |
| ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ | * ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ഒരു കൂട്ടത്തിന്റെ തുടർച്ചയാക്കി<br>* ഗണിത കിറ്റുകൾ എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>* പത്തിന്റെയും, ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5=10, 10+10=20) | ജൂലൈ | | |

| | | | | |
|---|---|---|---|---|
| | *വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>*സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ (99-നോട് 1 കൂട്ടിയാൽ 100, 10 പത്തുകൾ ചേർന്നാൽ 100) | ആഗസ്റ്റ് | | |
| | *ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ<br>*വില വിവര പട്ടിക തയ്യാറാക്കൽ<br>*ക്ലാസിലൊരു കട, സ്കൂളിലൊരു കട- ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു. | സെപ്റ്റംബർ | | |
| | *രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>*സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>*സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ<br>5, ...10 ...15 ...20...<br>(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം) | ഒക്ടോബർ | | |

| | | | | |
|---|---|---|---|---|
| | * സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)<br>* പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളി-നോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ<br>* ക്ലാസിനൊരു കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ<br>* നോട്ടുകളും, നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ (10 രൂപ + 5 രൂപ = 15 രൂപ നോട്ട്, നാണയം) | നവംബർ | | |
| | * സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉണ്ടാക്കൽ<br>* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)<br>* രണ്ടക്ക സംഖ്യകളുടെ തുക കാണുന്നതിനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. | ഡിസംബർ | | |
| | * വില വിവര പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ | ജനുവരി | | |

| | | | | |
|---|---|---|---|---|
| | * ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതപഠനം നടത്തൽ<br>* ഉല്ലാസഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ, ഗണിത പഠനം കുട്ടികളിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ | ഫെബ്രുവരി | | |
| | * കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>* കലണ്ടറിൽ ചുവന്ന അക്കങ്ങളും, കറുത്ത അക്കങ്ങളും തിരിച്ചറിവ്.<br>മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ<br>* കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ<br>* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ<br>* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക. | | | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| To speak, Read and write English without any mistakes | Pretest<br>To develop listening skills and reading skills first<br>Listening skills<br>- Games, action songs, Hello English activities, conversations, skit stories, Use ICT<br>Speaking skills<br>- Descriptions, growing Sentences, picture reading, Picture description, self introduction, assembly activities - speech, book review, quiz, riddles, self introduction, school radio etc. | June | | |
| | Reading skills<br>News paper reading, library books reading, book review, reading breaking news, find words, collect and read past tense, rhyming | | | |

| | | | | |
|---|---|---|---|---|
| | words, Text book activities etc<br><br>Writing skills<br><br>Make word web, picture description, word chain, make words and sentences, make riddles, conversations, add more lines, develop stories, description, notice proclamation, diary, letter, announcement, magazines | July & August | | |

# ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | * ചിത്ര കാർഡുകൾ നൽകൽ<br>* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ<br>* വായനാസാമഗ്രികൾ നിർമ്മിക്കൽ<br>* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ | ജൂൺ | | |
| | * ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.<br>* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടേയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. | ജൂലൈ | | |
| | * ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>* രക്ഷിതാക്കളുടെ സഹായം ഉറപ്പു വരുത്തൽ<br>* വീട്ടു ലൈബ്രറി ഒരുക്കൽ<br>* ചിത്ര വിവരണം<br>* വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു. | ആഗസ്ത് | | |

| | | | | |
|---|---|---|---|---|
| | *വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>*വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ<br>*വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>*വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരങ്ങൾ ചെയ്യൽ | സെപ്തംബർ | | |
| | * കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ<br>* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു. | ഒക്ടോബർ | | |
| | *കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു | ഡിസംബർ നവംബർ | | |
| | *ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>*ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു. | ഡിസംബർ | | |
| | *വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും, എഴുതുന്നതിനുമുള്ള അവസരമൊരുക്കൽ | | | |

| | | | | |
|---|---|---|---|---|
| | * ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരമൊരുക്കൽ | ജനുവരി | | |
| | * എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പു വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)<br>* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ | ഫെബ്രുവരി | | |
| | * വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ<br>* വീട്ടു വായന, കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്ര വായന, ഇവയെ പ്രോത്സാഹിപ്പിക്കൽ<br>* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ | മാർച്ച് | | |

# ACADEMIC MASTER PLAN

# 4

# മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, അനുകാലിക വായന | വർഷം മുഴുവൻ | HM SRG class teacher CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG ക്ലാസ് ടീച്ചർ | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർധിപ്പിക്കൽ - സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| കണ്ടറിയാം കേട്ടറിയാം | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ, സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| രുചിച്ചറിയാം | | | | |
| നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ<br>PTA | PTA |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ് ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ<br>CPTA | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>class teacher | PTA |

# ഗണിതം (Std - IV)

| | | | | |
|---|---|---|---|---|
| **കളിക്കാം ഗണിക്കാം** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഗണിതപഠനം രസകരമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ - മൂല്യനിർണ്ണയം (കോണിയും, പാമ്പും, ഡൈസ് കളി, സങ്കലനം - വ്യവകലനം - കച്ചവട കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരകൗശല ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം - പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| **ഗണിത ലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിത പഠനോപകരണ ശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രകാശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |

ഗണിത മേള

| | | | | |
|---|---|---|---|---|
| ഗണിത ശേഷിക-ളുടെ പ്രകടനം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തി-ലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# പരിസര പഠനം (Std-IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| ...രീക്ഷണം - ...അറിവ് നിർമ്മാണം | പ്രാദേശികമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| **ശാസ്ത്ര മേള** | | | | |
| ...ശാസ്ത്ര പഠനം ...ളിതവും രസകര-...മാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA SSA |
| **ശാസ്ത്രയാത്ര** | | | | |
| ...ാസ്ത്ര പഠന-...ത്തിൽ താൽപര്യം ...ജനിപ്പിക്കൽ, ...അന്വേഷണ ...ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മേളകൾ പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി എന്നിവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG CPTA ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| ...കേരളം, ഇന്ത്യ ...ഭൂപട വായന, ...സൂചിക പരിചയ-...പ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിസ്മയ ചുമർ | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര മാസിക | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# ഇംഗ്ലീഷ് (Std - V)

| …ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| …ഗ്ലീഷ് അസംബ്ലി - …ഗ്ലീഷ് …പ്രധാനമായി …ക്കാനും, …പറയാനും, …ത്തുവായനും …ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ട് ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| …ഇംഗ്ലീഷ് ഡയറി | | | | |
| …ടില്ലാതെ …ഗ്ലീഷ് എഴുത്ത് …ള്ള ശേഷി | നിത്യവും വീട്ടിലും, വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| …ംഗ്ലീഷ് തീയേറ്റർ | | | | |
| …സർഗ്ഗാത്മകത …പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (skit, Drama, conversation, story telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| …സർഗ്ഗാത്മകത …രചന ശേഷി …വികസനം | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>ക്ലാസ് ടീച്ചർ<br>SMC | SMC |
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| …ംഗ്ലീഷ് …ലിപികളിലൂടെ …രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |

ഇംഗ്ലീഷ് കോർണർ

| | | | | |
|---|---|---|---|---|
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ,<br>വായനാവേള ഒരുക്കൽ,<br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |

ഇംഗ്ലീഷ് ഫെസ്റ്റ്

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി എഴുതുവാനും, പറയുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | വായനാ മത്സരം,<br>രചനാ മത്സരം, മറ്റു സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | | |

2025 - 2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## അറബിക്

GTLPS വില്ലുമല

| ലക്ഷ്യങ്ങൾ | പ്രവർത്തനം | പ്രത്യക്ഷ തെളിവുകൾ | നിർവ്വഹണ കാലയളവ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | • അക്ഷര കാർഡുകൾ നൽകുന്നു.<br>• അക്ഷരങ്ങൾക്ക് നിറം നൽകൽ<br>• അക്ഷരങ്ങൾ ഡോട്ട് ലൈൻ നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>• ICT ഉപയോഗിക്കുന്നു. | കുട്ടികൾ വായിക്കുന്നു.<br>ചിഹ്നങ്ങൾ തിരിച്ചറിയുന്നു.<br>ഭംഗിയായി നിറം നൽകുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | * അക്ഷര കാർഡ് (അധ്യാപിക)<br>* പ്രിന്റൗട്ട് (സ്കൂൾ) |
| "അലിഫ്"<br>അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി. | • ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>• ഓരോ കുട്ടികളെയും അറബിക് അക്കാദമിക് വിങ് തയ്യാറാക്കിയ | | ,, | |

| | | | | |
|---|---|---|---|---|
| | ഇ-ടെക്സ്റ്റ് പരിശീലിപ്പിക്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ കൈവി-ലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br>• പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് ലൈവ് ക്ലാസ് നൽകുക. | | | |
| വായനാ ലോകം.<br>• കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ.<br>• നല്ല വായന... | അറബിക് ലൈബ്രറി<br>ചിത്രകഥ<br>കഥ<br>കുട്ടിക്കവിത | പുസ്തകങ്ങൾ പരിചയപ്പെടുന്നു.<br>വായനാശീലം വർധിക്കുന്നു. | 6 മാസം | • അധ്യാപിക<br>• SRG.<br>• PTA |

| | | | | |
|---|---|---|---|---|
| | പാടാനും പറയാനും കഴിവുള്ള മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും കേൾക്കാനും അവസരം സൃഷ്ടിക്കുവാൻ മാസത്തിലൊരിക്കൽ ആസ്വാദന സഭ ചേരുക. | പ്രതിഭകളെ തിരിച്ചറിയുന്നു. സഭാകമ്പം ഇല്ലാതാകുന്നു. പഠനോത്സവത്തിലേക്കുള്ള വീഡിയോ ഡോക്യുമെന്റേഷൻ. | 1 വർഷം ജൂൺ - ഫെബ്രുവരി | അധ്യാപിക SRG |
| | നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും പ്രൊജക്ടർ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കുന്നു. | ഭാഷാനുഭവം പദപരിചയം | ജൂൺ - ഫെബ്രുവരി | അധ്യാപിക |

| | | | | |
|---|---|---|---|---|
| പദപരിചയം | **'ഒരു പദം'**<br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനയ്ക്ക് ശേഷം മുതിർന്ന ക്ലാസിലെ ഒരു വിദ്യാർത്ഥി ക്ലാസ് നമ്പർ അനുസരിച്ച് ഒരു അറബിക് പദം മൈക്കിലൂടെ പരിചയപ്പെടുത്തുന്നു.<br>പ്രസ്തുത പദം നോട്ടീസ് ബോർഡിൽ പതിക്കുന്നു.<br>എല്ലാം വിദ്യാർത്ഥികളും നോട്ട്ബുക്കിൽ എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ അധ്യാപിക വിലയിരുത്തൽ നടത്തുന്നു.<br>കൂടുതൽ പദം എഴുതിയ വിദ്യാർത്ഥിക്ക് സമ്മാനം | പുതിയ പദങ്ങൾ പരിചയപ്പെടുന്നു. | ജൂലൈ - ഫെബ്രുവരി | അധ്യാപിക SRG |

| | | | | |
|---|---|---|---|---|
| അറബിക് അസംബ്ലി | അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>അറബിക് പ്രാർത്ഥനാഗാനം<br>ചെറിയ വാർത്തകൾ<br>ഇന്നത്തെ ചിന്താവിഷയം<br>ലൈബ്രറി പുസ്തകപരിചയം.<br>പാഠഭാഗത്തിലെ കവിത/ കഥ/ നാടകം..... അവതരിപ്പിക്കൽ | ഭാഷാനുഭവം വർധിപ്പിക്കുന്നു<br>സഭാകമ്പം മാറുന്നു | ജൂൺ- ഫെബ്രുവരി. | അധ്യാപിക |
| അറബിക് ഫെസ്റ്റ് | അറബിക് ദിനത്തിലോ, അല്ലാതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക.<br>കാര്യപരിപാടികൾ<br>ഉദ്ഘാടനം<br>ആദരിക്കൽ<br>വിവിധ അറബിക് കലാവതരണം. | ഭാഷാദിനാചരണം<br>പുതിയ പദങ്ങൾ പരിചയപ്പെടുന്നു<br>പരിപാടി സംഘാടനം മനസ്സിലാക്കുന്നു. | നവംബർ- ഡിസംബർ | അധ്യാപിക<br>SRG<br>PTA<br>CPTA |

| | | | | |
|---|---|---|---|---|
| | തിരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി പ്രദർശനം<br>അറബിക് എക്സിബിഷൻ.<br>[കാലിഗ്രഫി, ഭാഷാചരിത്രം, ജോലി സാധ്യത, ഭാഷാസൗന്ദര്യം) | | | |
| കിത്താബ<br>كتابة<br>"നല്ലെഴുത്ത്"<br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | അറബിക് ഭാഷയിലെ തനതായ സൗന്ദര്യ എഴുത്ത്. (رقعة \| نسخ)<br>ഓരോ കുട്ടികൾക്കും പ്രത്യേകം വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ<br>വർഷത്തിൽ ഒരിക്കൽ അറബിക് കാലിഗ്രഫി എഴുത്ത് ചുവർ പത്രിക പ്രദർശനം. | ജൂലൈ - ജനുവരി | | അധ്യാപിക SRG |

| | | | | |
|---|---|---|---|---|
| ദിനാചരണങ്ങൾ | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു. | ദിനാചരണ ബോധവത്കരണം | ജനുവരി | PTA |
| മത്സരങ്ങൾ | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുന്നതിനു മത്സരങ്ങൾ സംഘടിപ്പിക്കുക.<br>• ക്വിസ്<br>• കവിതചൊല്ലൽ<br>• കളറിങ്<br>• മെമ്മറി ടെസ്റ്റ്<br>• ആംഗ്യഗാനം<br>• ഖുർആൻ പാരായണം | കുട്ടികളുടെ കഴിവുകൾ തെളിയുന്നു.<br>കലോത്സവത്തിന് വേണ്ടിയുള്ള പരിശീലനം. | 1 വർഷം | അധ്യാപ |
| സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം / ചിത്രീകരണം / മോണോ ആക്ട് / ഖുർആൻ പാരായണം / | | | |

| | | | | |
|---|---|---|---|---|
| | കഥാവായന/ കവിതാലാപനം/ ആംഗ്യപാട്ട്/ സംഭാഷണം തുടങ്ങിയ ഇനങ്ങൾ പ്രാക്ടീസ് നൽകി അവതരിപ്പിക്കൽ. | | മാർച്ച് - ഫെബ്രുവരി. | പൂർവ്വ വിദ്യാർത്ഥികൾ/ ഭാഷാ സ്നേഹികൾ/ അധ്യാപിക SRG PTA |
| ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു. | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. | ഉപചാര വാക്കുകൾ ഉപയോഗിക്കാൻ പ്രാപ്തി നേടുന്നു. | ജൂൺ - ഡിസംബർ | അധ്യാപിക. |